"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ്- മൂവാറ്റുപുഴ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 2024-2025 വർഷത്തെ ഭരണറിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (സി) വകുപ്പ്**

സ.ഉ.(അച്ചടി) നം.8/2025/VIG തീയതി,തിരുവനന്തപുരം, 21-08-2025.

---

പരാമർശം:- മൂവാറ്റുപുഴ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിയുടെ 13.06.2025 ലെ എ 865/2025/ഇസിഎം നമ്പർ കത്ത്.

**ഉത്തരവ്**

മൂവാറ്റുപുഴ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 2024-2025 വർഷത്തെ ഭരണറിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് രേഖപ്പെടുത്തുന്നു.

2. അഴിമതി നിരോധന നിയമ പ്രകാരം കേരളത്തിൽ സ്ഥാപിതമായിട്ടുള്ള ആറ് സ്പെഷ്യൽ കോടതികളിൽ ഒന്നാണ് മൂവാറ്റുപുഴ ആസ്ഥാനമായി പ്രവർത്തിക്കുന്ന എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി. എറണാകുളം, ഇടുക്കി എന്നീ ജില്ലകളാണ് ഈ കോടതിയുടെ അധികാര പരിധിയിൽപ്പെടുന്നത്.

3. 1988-ലെ അഴിമതി നിരോധന നിയമത്തിന്റെ 7 മുതൽ 15 വരെയുള്ള വകുപ്പുകളിൽ പറയും പ്രകാരമുള്ള കുറ്റകൃത്യങ്ങളും അതിനോടനുബന്ധിച്ച് വരുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങളും അവയിൽ ഏതെങ്കിലും ഒന്നിനോടനുബന്ധിച്ചുള്ള കുറ്റകൃത്യങ്ങളും വിചാരണ ചെയ്യുവാൻ ഈ കോടതിക്കധികാരമുണ്ട്. ഇതിനു പുറമേ എൻക്വയറി കമ്മീഷണർ എന്ന നിലയിൽ 1960-ലെ കേരള സിവിൽ സർവ്വീസസ്(വിജിലൻസ് ട്രൈബ്യൂണൽ) ചട്ടങ്ങൾ പ്രകാരം പ്രത്യേകം റഫർ ചെയ്യപ്പെടുന്ന കേസുകളും വിചാരണ ചെയ്യാൻ ഈ കോടതിക്ക് അധികാരം നൽകിയിട്ടുണ്ട്.

4. റിപ്പോർട്ട് വർഷം ശ്രീ. രാജു എൻ.വി. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിയായി ചുമതല വഹിച്ചിരുന്നു.

5. റിപ്പോർട്ട് വർഷാരംഭത്തിൽ 315 കലണ്ടർ കേസുകൾ ഈ കോടതിയിൽ നിലവിലുണ്ടായിരുന്നു. 27 കലണ്ടർ കേസുകൾ പുതുതായി ഫയലിലെടുത്തിട്ടുണ്ട്. 107 കേസുകൾ തീർപ്പ് കൽപ്പിക്കുകയുണ്ടായി. റിപ്പോർട്ട് വർഷാവസാനം 235 കലണ്ടർ കേസുകൾ വിചാരണയുടെ വിവിധ ഘട്ടങ്ങളിലായി നിലനിൽക്കുന്നു. റിപ്പോർട്ട് വർഷാരംഭത്തിൽ 143 പ്രഥമവിവര റിപ്പോർട്ടുകൾ നിലവിലുണ്ടായിരുന്നു. തൻവർഷത്തിൽ 32 പ്രഥമ വിവര

റിപ്പോർട്ടുകൾ ഫയൽ ചെയ്യപ്പെടുകയുണ്ടായി. 17 പ്രഥമ വിവര റിപ്പോർട്ടുകൾ കലണ്ടർ കേസ് ആയിട്ടുണ്ട്. 4 കേസുകൾ തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് വേണ്ടി സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷാവസാനം 154 പ്രഥമവിവര റിപ്പോർട്ടുകൾ നിലനിൽക്കുന്നു.

6. ഈ കോടതിയുടെ പ്രവർത്തനത്തിനായി റിപ്പോർട്ട് വർഷത്തിൽ 1,32,27,766/- രൂപ(ഒരു കോടി മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി എഴുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) ചെലവായി. പിഴ ഇനത്തിൽ 17,90,000/- രൂപയും കോർട്ട് ഫീ സ്റ്റാമ്പ് ഇനത്തിൽ 12,913/- രൂപയും വരവായിട്ടുണ്ട്.

7. റിപ്പോർട്ട് വർഷം ഈ കോടതിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നുവെന്ന് വിലയിരുത്തുന്നു.

8. അംഗീകരിച്ച ഭരണ റിപ്പോർട്ട് ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ശിവദാസൻ
അഡിഷണൽ സെക്രട്ടറി.

എൻക്വയറി കമ്മിഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഹയർ ഓഡിറ്റ്(എച്ച്.എ.സെൽ)), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്,തിരുവനന്തപുരം.
ചെയർമാൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ന്യൂഡൽഹി (ആമുഖ കത്ത് സഹിതം).
പൊതുഭരണ(പി.എസ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
സംഭരണ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Smitha. V. V
സെക്ഷൻ ഓഫീസർ
Date: 21-08-2025 14:39:08